(ഡി) നടപ്പു സാമ്പത്തികവർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 60 കോടി രൂപ മരുന്ന് സംഭരണത്തിനായി അനുവദിച്ചിട്ടുണ്ട്. 28-11-2014 വരെ കോർപ്പറേഷൻ 212,03,70,444 രൂപയുടെ മരുന്നുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡറുകൾ നൽകിയിട്ടുണ്ട്.

ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ

8 (*218) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ജോസഫ് വാഴയ്ക്കൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത് ;

(ബി) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കുന്നതിൽ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കുന്നതിലുള്ള മികവ് പരിഗണിച്ച് കേന്ദ്രത്തിൽനിന്ന് അധിക സഹായം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഗ്രാമീണ ശുദ്ധജലവിതരണത്തിൽ മികവ് കൈവരിക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ള മെത്തിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി. ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റൈനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം, ഇൻടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീചാർജ്ജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതിയിൽനിന്നും എസ്.സി./എസ്.ടി. കോളനികളിലേക്ക് ജില്ലാ കളക്ടർവഴി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ആവശ്യാധിഷ്ഠിതമായി സുസ്ഥിരവും ഗുണമേന്മയേറിയതുമായ കുടിവെള്ളം വിതരണം നടത്തുക എന്ന ലക്ഷ്യത്തോടൊപ്പം കൂടിയാണ് ജലനിധി പദ്ധതികൾ നടപ്പിലാക്കുന്നത്. ശുചിത്വം, പരിസ്ഥിതി സംരക്ഷണം, ഭൂജല സംവർധനം, സ്ത്രീ ശാക്തീകരണം, പഞ്ചായത്ത് ശാക്തീകരണം എന്നീ കർമ്മ പരിപാടികളും ഇതിനോടനുബന്ധിച്ച് നടപ്പിലാക്കുക വഴി ഗ്രാമീണ മേഖലയെ എല്ലാതലത്തിലും ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യ ലക്ഷ്യവും ജലനിധി പദ്ധതികൾക്കുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് 209 ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും 51 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ജലനിധിയുടെ രണ്ടാംഘട്ടം ആരംഭിച്ചത് ഈ സർക്കാരിന്റെ കാലഘട്ടത്തിലാണ്. ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി പരമാവധി 200 ഗ്രാമ പഞ്ചായത്തുകളിലായി 11.5 ലക്ഷത്തോളം പേർക്ക് ശുദ്ധജലം എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് 1022 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ജലനിധി രണ്ടാംഘട്ടം ആരംഭിച്ചിട്ടുള്ളത്. ആദ്യബാച്ചിൽ 22 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തതിൽ 20 പഞ്ചായത്തുകളിലായി ഏകദേശം 453 പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. ബാച്ച് രണ്ടിൽ 63 ഗ്രാമപഞ്ചായത്തുകളിലായി ഏകദേശം 1133 പദ്ധതികളുടെ ആസൂത്രണ/നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബാച്ച് 1, 2-ലായി ഇതുവരെ 328 ചെറുകിട ജലവിതരണ പദ്ധതികൾ പൂർത്തീകരിക്കുകയും 80,000-ത്തോളം ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയുമുണ്ടായി. ഇതിനുപുറമേ 12 ഗ്രാമപഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന 3 ബഹുപഞ്ചായത്ത് പദ്ധതികളും നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്.

(സി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി അനുവദിച്ച തുക ചെലവഴിച്ച മികവ് അനുസരിച്ച് 2012-13-ൽ കേന്ദ്രത്തിൽനിന്നും 75 കോടി രൂപ അഡീഷണൽ ഫണ്ടായിട്ടും 24.70 കോടി രൂപ ഇൻസെന്റീവ് ഫണ്ടായും (ആകെ 99.70 കോടി രൂപ) 2013-14-ൽ 67.31 കോടി രൂപ അഡീഷണൽ ഫണ്ടായിട്ടും 2.69 കോടി രൂപ ഇൻസെന്റീവ് ഫണ്ടായും (ആകെ 70.00 കോടി രൂപ) കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. പദ്ധതികളുടെ പണികൾ കൃത്യസമയത്തിന് പൂർത്തീകരിക്കുന്നതിനുവേണ്ടി പണികളുടെ വിവിധ ഘട്ടങ്ങളുടെ അവസ്ഥകൾ Project Status Alert System of Kerala Water Authority (PASK) സംവിധാനത്തിലൂടെ വിലയിരുത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ കീഴ്ഘടകങ്ങളിൽ നൽകി പദ്ധതിയുടെ പൂർത്തീകരണം സുഗമമാക്കാൻ സാധിക്കുന്നുണ്ട്. ഇതുകൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനംവഴി വാട്ടർ അതോറിറ്റി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്തുവരുന്നു. ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി അവലോകനയോഗങ്ങൾ സംഘടിപ്പിക്കുകയും സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ തലങ്ങളിൽ റെയിൽവേ, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അവലോകനങ്ങൾ നടത്തി വേണ്ടനിർദ്ദേശങ്ങൾ നൽകുകയും അത് നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്.

മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തുന്നതിനെതിരെ നടപടി

9 (*219) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന മത്സ്യത്തിൽ ഫോർമാലിൻ കലർത്താറുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അത്തരം മത്സ്യം ഉപയോഗിക്കുന്നതു കൊണ്ടുള്ള ദോഷഫലങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) മത്സ്യത്തിൽ വിഷവസ്തുക്കളും സംരക്ഷണത്തിനെന്ന പേരിൽ ചേർക്കുന്ന ഹാനികരമായ മറ്റ് വസ്തുക്കളും ഉണ്ടോ എന്ന് വിപണനഘട്ടത്തിൽ പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ കീഴിൽ സംവിധാനമുണ്ടോ ; ഇല്ലെങ്കിൽ അത് അടിയന്തരമായി ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly